# Partakers of the Divine Nature

## ദിവ്യ സ്വഭാവത്തിന്റെ കൂട്ടാളികൾ-2 പത്രോ:(1:1-9)




ഈ ലേഖനകർത്താവായ പത്രോസിന്റെ ജീവിതം തന്നെ , ഒരു വ്യക്തി ദിവ്യസ്വഭാവത്തിന്റെ കൂട്ടാളി ആകുന്നത് എങ്ങനെ എന്ന് പഠിപ്പിക്കുന്നു. യേശു പത്രോസിനെ തന്റെ വേലയ്ക്കായി (മനുഷ്യരെ പിടിക്കുക)വിളിക്കുമ്പോൾ പരമ്പരാഗത തൊഴിൽ ഉപേക്ഷിച്ച് അദ്ദേഹം ഇറങ്ങി പുറപ്പെട്ടു. പാപപങ്കിലമായ പഴയ പ്രകൃതി വിട്ടു എങ്കിലും അലസനും, ധൃതിക്കാരനും , പ്രാർത്ഥിക്കേണ്ട അവസരങ്ങൾ (യേശു ആവശ്യപ്പെട്ട വ്യഥയുടെനാഴികകളിൽ)ഉറക്കത്തിനായിഉപയോഗിക്കുകയുംചെയ്തുവന്നവനായിരുന്നു
എങ്കിലും അവൻ ധീരനായിരുന്നു.എന്നാൽ എപ്പോൾ പരിശുദ്ധാത്മസ്നാനം ലഭിച്ചുവോ അന്നുമുതൽ അവന്റെ ജീവിതം അടിമുടി മാറി. പത്രോസ് ദിവ്യസ്വഭാവത്തിന് കൂട്ടാളിയായിത്തീർന്നു.

ദിവ്യസ്വഭാവത്തോട് കൂട്ടാളികളാകേണ്ടവർ ലോകമോഹത്താലുള്ള നാശം വിട്ടൊഴിയേണ്ടത് അവശ്യഘടകമാണ്. ലോകത്തേയും ലോകത്തിലുള്ളതിനേയും ഉപേക്ഷിക്കണമെങ്കിൽ വിളിച്ചവനെ പൂർണ്ണമായി വിശ്വസിക്കണം. 'വിശ്വാസം കേൾവിയാലും , കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു.' (റോമ:10:17). വചനം കേട്ട് അനുസരിക്കുന്നതാണ് അനുഗ്രഹത്തിന് നിദാനം. യഹോവയുടെ വചനം ഹൃദയത്തിൽ സ്വീകരിക്കുന്നവന് പരിജ്ഞാനവും വിവേകവും ലഭിക്കുന്നു.പരിജ്ഞാനം പ്രാപിച്ചവർ പാപത്തിൽ മരിച്ചവരായി ഇരിക്കാതെ ക്രിസ്തുവിനോടൊപ്പം പുനരുത്ഥാനം പ്രാപിച്ച് നിത്യരാജ്യത്തിന് അവകാശികളായിത്തീരുന്നു. മരിച്ച് നാറ്റം വച്ച ലാസറിനോട് പുറത്തുവരുവാൻ യേശു ഉറക്കെ പറഞ്ഞപ്പോൾ അവൻ പുറത്തുവന്നു. കെട്ടുകളഴിച്ചപ്പോൾ ശ്മശാനം വിട്ട ലാസറിനെപ്പോലെ , നിർജ്ജീ

വപ്രവർത്തികളുടെ കെട്ടുകൾ വിട്ട് ക്രിസ്തുവിനൊപ്പം പന്തിയിലിരിക്കുന്നവ രാകുക. അങ്ങനെയുള്ളവർക്ക് ആത്മീകവളർച്ചയ്ക്ക് അഥവാ ജീവനും ഭക്തിക്കും വേണ്ടതെല്ലാം അവൻ നൽകുന്നു. അവനിൽ നാം പരിപൂർണ്ണരാ കുന്നു.

ഭക്തിമാർഗ്ഗം മൂലം ജീവൻ പ്രാപിക്കുന്നില്ല.ഈ മാർഗ്ഗവുമായി വരുന്ന ദുരുപദേഷ്ടാക്കൻമാരെ സൂക്ഷിക്കണം. ജീവൻ പ്രാപിച്ച് ഭക്തിയിൽ ജീവി ക്കുകയാണ് ആവശ്യം. ഈ ജീവനാണ് രക്ഷിക്കപ്പെട്ടവർക്ക് ലഭ്യമാകുന്ന നിത്യജീവൻ. "ഏകസത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശു ക്രിസ്തുവിനെയും അറിയുന്നതു തന്നേ നിത്യജീവൻ ആകുന്നു."

വിശ്വാസം, പരിജ്ഞാനം,ജീവനും ഭക്തിക്കും വേണ്ടിയത് അവൻ ദാന മായി തന്നത്, അവന്റെ ദിവ്യശക്തി എന്നിവ ഒരു വ്യക്തി മനസ്സിലാക്കിയാൽ അയാൾ വീണ്ടും ജനനത്തിന്റെ വിജയത്തിലേക്കുള്ള പാതയിലായിക്കഴി ഞ്ഞു. വീണ്ടും ജനനം ആത്മീയ ജീവിതത്തിന്റെ ആരംഭം മാത്രമാണ്. ദിവ്യ സ്വഭാവത്തിന് കൂട്ടാളികളായിത്തീർന്നാൽ മാത്രം പോര ആ സ്വഭാവം നമ്മിൽ വളർത്തി എടുക്കുകയും ചെയ്യണം.

പ്രായോഗികജീവിതത്തിൽ ഈ വളർച്ചയ്ക്കാവശ്യമായ എട്ട് ഗുണ ങ്ങളെ പത്രോസ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇവ ഒരു വ്യക്തിയുടെ 'വിജയ ത്തിലേക്കുള്ള പാത' എന്ന് റ്റോം വെസ്റ്റ്വുഡും, 'സൽഗുണങ്ങളുടെ ഒരു കോവണി' എന്ന് വില്യം ബാർക്ലേയും പറയുന്നു.

**അഷ്ടഗുണങ്ങൾ ഏതെല്ലാം?**

1. വിശ്വാസം (Faith)
2. വീര്യം (Virtue)
3. പരിജ്ഞാനം (Knowledge)
4. ഇന്ദ്രീയജയം (Self control)
5. സ്ഥിരത (Patience)
6. ഭക്തി (Godlines)
7. സഹോദരപ്രീതി (Brotherly Kindness)
8. സ്നേഹം (Agape)

ഇതിൽ സഹോദരപ്രീതിയും, സ്നേഹവും മറ്റുള്ളവരോടുള്ള ബന്ധ ത്തിൽ പ്രകടമാക്കേണ്ടതാണ്. ഈ ഗുണങ്ങൾ ഇല്ലാത്തവർ ദിവ്യസ്വഭാവ ത്തിൽ പങ്കാളികളാകാത്തവരാണ്. ഇവർ കുരുടരും, ഹ്രസ്വദൃഷ്ടിയുള്ള

വരും , തങ്ങളുടെ മുമ്പിലുള്ള പാപങ്ങളുടെ ശുദ്ധീകരണം മറന്നവരും അത്രേ.

ദിവ്യസ്വഭാവത്തിൽ പങ്കാളികളാകുന്നവർക്ക് ആത്മീയവളർച്ചയ്ക്കാവശ്യമായ വിലയേറിയതും അതിമഹത്തുമായ വാഗ്ദത്തങ്ങൾ വലിയവനായ ദൈവം നമുക്ക് തന്നിരിക്കുന്നു. അവ(1) വിലയേറിയ വിശ്വാസം(2പത്രോ:1:1), വിലയേറിയതും അതിമഹത്തുമായ വാഗ്ദത്തം (2 പത്രോ:1:4), വിലയേറിയ രക്തം (1 പത്രോ:1:19), വിലയേറിയ (ശ്രേഷ്ഠവും മാന്യവുമായ ജീവനുള്ള) കല്ല് (1പത്രോ:2:4), വിലയേറിയ രക്ഷകൻ (1 പത്രോ :1:19) ഇവയാണ്. വാഗ്ദത്തം തന്നവൻ വിശ്വസ്തനത്രേ. അതിനാൽ നമ്മുടെ വിളിയും തിരഞ്ഞെടുപ്പും മനസ്സിലാക്കി, അതിനെ ഉറപ്പിക്കുന്നവരായിത്തീരുക. വീണ്ടും ജനിച്ചവരുടെ ജീവിതശൈലിയും , അവരിൽ അന്തർലീനമായിരിക്കുന്ന ദിവ്യസ്വഭാവത്തിന് അനുയോജ്യരായിരിപ്പാൻ, ദൈവീകകൃപ ഒഴുകിവരുന്ന ചാനലായ ക്രിസ്തു നിങ്ങളെ അനുഗ്രഹിക്കട്ടെ.

# Praise the Lord

**Santhamma Varghese**

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind